compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 ഏപ്രിൽ 07
Tuesday, 07th April 2026

1201 മീനം 24
24th Meenam 1201

1948 ചൈത്രം 17
17th Chaithra 1948

വാല്യം 15
Vol. XV

നമ്പർ
No. **14**

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അധിക ചുമതല വഹിക്കുന്ന കൊല്ലം സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവ്

(സാന്നിധ്യം: ബിന്ദു, ജി.)

നമ്പർ JRGKLM/234/2026/എ.ഇ.എൽ. 2026 മാർച്ച് 21.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—ആവണീശ്വരം ഫുഡ് ഗ്രെയിൻസ് ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 885—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 26-11-1997-ലെ എച്ച്.എം. 7335/97 നമ്പർ ഉത്തരവ്.

(2) ഈ കാര്യാലയത്തിലെ 9-1-2020-ലെ എ.ഇ.എൽ. 7689/97 നമ്പർ ഉത്തരവ്.

(3) ഈ കാര്യാലയത്തിലെ 22-1-2026-ലെ JRGKLM/234/2026-AEL നമ്പർ ഉത്തരവ്.

(4) സംഘത്തിന്റെ 25-2-2026-ലെ അന്തിമ പൊതുയോഗ തീരുമാനം.

(5) പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 11-3-2026-ലെ ARGPTM/636/2025-UI(1) നമ്പർ അപേക്ഷ.

(6) ലിക്വിഡേറ്ററുടെ 5-3-2026-ലെ ARGPTP/636/2025-UI(1) നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ആവണീശ്വരം ഫുഡ് ഗ്രെയിൻസ് ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 885 സംഘത്തിന്റെ പ്രവർത്തനം പരാമർശം (1), (2) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69 (2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ കഴിയുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് തീർക്കാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം കുറവ് ചെയ്യുന്നതിനും എഴുതി തള്ളുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കുറവ് ചെയ്തും പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (4) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ആവണീശ്വരം ഫുഡ് ഗ്രെയിൻസ് ഹെഡ് ലോഡ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 885 സംഘത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

(ഒപ്പ്)

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കൊല്ലം.

ജോയിന്റ് രജിസ്ട്രാർ (ജനറൽ)
(ഇൻ ചാർജ്ജ്).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(സാന്നിധ്യം: സുരേഷ്കുമാർ, ടി.)

(1)

നമ്പർ JRGKLM/4245/2025/എ.ഇ.എൽ. 2026 ഫെബ്രുവരി 13.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—ക്യൂ 278 കൊല്ലം ബീച്ച് കൺസ്യൂമർ സഹകരണ സ്റ്റോർ ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 19-9-1975-ലെ ഐ/12531/1969 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 13-1-2026 ലെ രണ്ടാം നമ്പർ തീരുമാനം.

(3) കൊല്ലം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-1-2026-ലെ ARGKLM/600/2024-UI(5) നമ്പർ കത്ത്.

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ക്യൂ 278 കൊല്ലം ബീച്ച് കൺസ്യൂമർ സഹകരണ സ്റ്റോർ ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

സംഘത്തിന് നിലവിൽ ആസ്തി ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല. സർക്കാർ ബാദ്ധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ്, എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. ലിക്വിഡേറ്ററുടെ പരാമർശം (2) തീരുമാന പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് തീരുമാനം എടുത്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (2) പ്രകാരം കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലിക്വിഡേറ്റർ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ക്യൂ 278 കൊല്ലം ബീച്ച് കൺസ്യൂമർ സഹകരണ സ്റ്റോർ ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കു ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ JRGKLM/1522/2024/എ.ഇ.എൽ. 2025 നവംബർ 20.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—ക്യൂ 1329 പത്തനാപുരം താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 5-5-2005-ലെ എച്ച്.എം. 1346/2003, 9-1-2020-ലെ എ.ഇ.എൽ. 6244/2005 നമ്പർ ഉത്തരവുകൾ.

(2) ഈ കാര്യാലയത്തിലെ 22-9-2025-ലെ ജെ.ആർ.ജി.കെ.എൽ.എം./1522/2025 —എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) സംഘത്തിന്റെ 3-11-2025-ലെ അന്തിമ പൊതുയോഗ തീരുമാനം.

(4) പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 9-11-2025-ലെ ARGPTP/478/2024-UI(2) നമ്പർ അപേക്ഷ.

(5) ലിക്വിഡേറ്ററുടെ 7-11-2025-ലെ ARGPTP/478/2024-UI(2) നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ക്യൂ 1329 പത്തനാപുരം താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ കഴിയുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് തീർക്കാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം കുറവ് ചെയ്യുന്നതിനും എഴുതി തള്ളുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കുറവ് ചെയ്തും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 73 (3) ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (5)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ക്യൂ 1329 പത്തനാപുരം താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

(3)

നമ്പർ JRGKLM/4245/2025/എ.ഇ.എൽ. 2026 ഫെബ്രുവരി 20.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—പൂതക്കുളം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ 1129—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 29-12-1997-ലെ സി.എസ്./5736/1997 നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 31-1-2026-ലെ ഏഴാം നമ്പർ തീരുമാനം.

(3) കൊല്ലം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 4-2-2026-ലെ ARGKLM/2296/2025-UI(4) നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ക്യൂ 1129 പൂതക്കുളം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

സംഘത്തിന് നിലവിൽ ആസ്തി ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല. സർക്കാർ ബാദ്ധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ്, എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട് . ലിക്വിഡേറ്ററുടെ പരാമർശം (2) തീരുമാന പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് തീരുമാനം എടുത്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം പരാമർശം (2) പ്രകാരം കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ലിക്വിഡേറ്റർ അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ശുപാർശയും ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ക്യൂ 1129 പൂതക്കുളം കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

(4)

നമ്പർ JRGKLM/3479/2025/എ.ഇ.എൽ. 2025 നവംബർ 4.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—ക്യൂ 1379 ശാസ്താംകോട്ട പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തം—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ കാര്യാലയത്തിലെ 16-12-2022-ലെ ജെ.ആർ.ജി.കെ.എൽ.എം./3690/2022—എച്ച്.എം. നമ്പർ ഉത്തരവ്.

(2) ഈ കാര്യാലയത്തിലെ 4-10-2025-ലെ ജെ.ആർ.ജി.കെ.എൽ.എം./3497/2025—എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) സംഘത്തിന്റെ 22-10-2025-ലെ അന്തിമ പൊതുയോഗ തീരുമാനം.

(4) ശാസ്താംകോട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-10-2025-ലെ ARGSTK/572/2023 നമ്പർ കത്ത്.

(5) സംഘം ലിക്വിഡേറ്ററുടെ 23-10-2025-ലെ ARAGSTK/572/2023 നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ക്യൂ 1379 ശാസ്താംകോട്ട പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69 (2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ കഴിയുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് തീർക്കാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം കണ്ടുകെട്ടുന്നതിനും എഴുതി തള്ളുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം കുറവുചെയ്തും, എഴുതി തള്ളിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 73 (3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് ശാസ്താംകോട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

ക്യൂ 1379 ശാസ്താംകോട്ട പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കു ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ അധിക ചുമതല വഹിക്കുന്ന കൊല്ലം സഹകരണ ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

(സാന്നിധ്യം: ബിന്ദു, ജി.)

നമ്പർ JRGKLM/1525/2024/എ.ഇ.എൽ. 2026 മാർച്ച് 21.

വിഷയം:— സഹകരണ വകുപ്പ്— സമാപ്തീകരണം— പത്തനാപുരം താലൂക്ക് എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 841— ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:— (1) ഈ കാര്യാലയത്തിലെ 16-1-1998-ലെ എച്ച്.എം.4660/96/കെ.ഡിസ് നമ്പർ ഉത്തരവ്.

(2) ഈ കാര്യാലയത്തിലെ 27-11-2025-ലെ JRGKLM/1525/2024-എ.ഇ.എൽ. നമ്പർ ഉത്തരവ്.

(3) സംഘത്തിന്റെ 7-2-2026-ലെ അന്തിമ പൊതുയോഗ തീരുമാനം.

(4) പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 11-3-2026-ലെ ARGPTM/206/2024-UI (2) നമ്പർ അപേക്ഷ.

(5) ലിക്വിഡേറ്ററുടെ 6-3-2026-ലെ ARGPTP/206/2024-UI (2) നമ്പർ അപേക്ഷ.

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച പത്തനാപുരം താലൂക്ക് എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 841-ന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിക്കുകയുണ്ടായില്ല.

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി പിരിച്ചെടുക്കാൻ കഴിയുന്ന ആസ്തികൾ പിരിച്ചെടുക്കുകയും കൊടുത്ത് തീർക്കാൻ സാധിക്കുന്നവ കൊടുത്ത് തീർക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് തീർക്കാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം കുറവ് ചെയ്യുന്നതിനും എഴുതി തള്ളുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം കുറവ് ചെയ്തും എഴുതി തള്ളിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട് അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടി അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പത്തനാപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

പത്തനാപുരം താലൂക്ക് എഡ്യൂക്കേഷണൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു 841 സംഘത്തിന്റെ സമാപ്തീകരണ നടപടികൾ ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ)
(ഇൻ ചാർജ്ജ്.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ: സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം]

നമ്പർ JRMPM/1993/2025-SCT. 2026 മാർച്ച് 16.

വിഷയം:—പോരൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 491—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 4-6-2025 തീയതിയിലെ ARGNBR/78/2025-ഒ1 നമ്പർ ഉത്തരവ്.

(2) നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 7-8-2025 തീയതിയിലെ ARGNBR/78/2025-ഒ1 നമ്പർ കത്ത്.

(3) പരിശോധന ഉദ്യോഗസ്ഥന്റെ 7-8-2025 തീയതിയിലെ പരിശോധന റിപ്പോർട്ട്.

(4) ഈ ഓഫീസിലെ 29-8-2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ ചെറുകാട് ആസ്ഥാനവും പോരൂർ ഗ്രാമ പഞ്ചായത്ത് പ്രവർത്തന പരിധിയും നിശ്ചയിച്ച് 16-8-1994-ൽ രജിസ്റ്റർ ചെയ്യുകയും 1-9-1994-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘമാണ് പോരൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 491. ടി സംഘം വർഷങ്ങളായി പ്രവർത്തന രഹിതമായി തുടരുന്ന സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തന സാധ്യത സംബന്ധിച്ച് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരാമർശം (2)-ം (3)-ം പ്രകാരം റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംഘം കാര്യക്ഷമമായ യാതൊരു പ്രവർത്തനങ്ങളും നടത്തിയതായി കാണുന്നില്ലായെന്നും, സംഘത്തിന്റെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനോ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിനോ യാതൊരു വിധ സാധ്യതയും കാണുന്നില്ലായെന്നും പരാമർശം (3) പരിശോധനാ റിപ്പോർട്ടിൽ റിപ്പോർട്ട് ചെയ്യുകയും സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിന് പ്രവർത്തന സാധ്യത ഇല്ലാത്തതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ം ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പോരൂർ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 491-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും വകുപ്പ് 72(1) പ്രകാരം നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വണ്ടൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവക്ക് വിധേയമായി ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69(4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ ഒ/1034/2025. 2026 മാർച്ച് 6.

വിഷയം:— സമാപ്തീകരണം— ഗഡിനാട് സോയിൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 458— കേരള സഹകരണ നിയമം വകുപ്പ് (74) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്— സംബന്ധിച്ച്.

സൂചന:— (1) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 5-2-2024-ലെ ഒ/1516/2022 നമ്പർ ഉത്തരവ്.

(2) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 28-1-2026-ലെ ഒ/1034/2025 നമ്പർ ഉത്തരവ്.

(3) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 28-1-2026-ലെ ഒ/1034/2025 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 31-1-2026-ലെ 1-ാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 2-2-2026-ലെ 05/2024/കെ നമ്പർ ഉത്തരവ്.

(6) സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡിന്റെ 7-2-2026-ലെ 105/2024/കെ നമ്പർ കത്ത്.

നമ്പർ എസ് 458 ഗഡിനാട് സോയിൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സംഘത്തിന്റെ ലിക്വിഡേറ്ററായ കാസറഗോഡ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കാസറഗോഡ് യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) ഉത്തരവ് പ്രകാരം നിയമിച്ച് കൊണ്ട് ഉത്തരവായിരുന്നു. 11-3-2024-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്തു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ താൽക്കാലിക കടധന പട്ടിക താഴെ പറയും പ്രകാരമാണ്.

ബാധ്യത	തുക	ആസ്തി	തുക
	₹		₹
ഓഹരി മൂലധനം	2,100.00	ബാങ്ക് നിക്ഷേപം	2,672.00
അഫിലിയേഷൻ ഫീ	3,000.00	അറ്റ നഷ്ടം	2,482.00
വ്യത്യാസം	54.00		
ആകെ	5,154.00	ആകെ	5,154.00

ലിക്വിഡേറ്റർ ചാർജ്ജെടുക്കുമ്പോൾ സംഘത്തിന്റെ ആഡിറ്റ് 2022-23 സാമ്പത്തിക വർഷം വരെ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളു. ആയതു പ്രകാരമാണ് ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുക്കുന്ന തീയതിവരെയുള്ള താൽകാലിക കടധനപ്പട്ടിക തയ്യാറാക്കിയിരുന്നത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമാപ്തീകരണത്തിലിരിക്കുന്ന സംഘങ്ങളുടെ ആഡിറ്റ് ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിവരെ സഹകരണ ആഡിറ്റ് വിഭാഗം നടത്തണമെന്ന സഹകരണ സംഘം രജിസ്ട്രാറുടെ 05/2019 നമ്പർ സർക്കുലർ നിർദ്ദേശപ്രകാരം ലിക്വിഡേറ്റർ അസിസ്റ്റൻറ് ഡയറക്ടർ (ആഡിറ്റ്)-ന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആഡിറ്റ് പൂർത്തീകരിച്ച് കിട്ടിയിരുന്നില്ല. സഹകരണ സംഘം രജിസ്ട്രാറുടെ 29/2025 നമ്പർ സർക്കുലർ പ്രകാരം ലിക്വിഡേറ്റർ ചുമതല എടുക്കുന്ന തീയതിയിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പരിശോധിച്ച് ആയതിനു ശേഷം ടി സംഘത്തിൽ യാതൊരു വിധ ഇടപാടുകളും നടന്നിട്ടില്ലായെന്നു ലിക്വിഡേറ്റർക്കു ബോധ്യപ്പെടുന്നപക്ഷം ലഭ്യമായ ഒടുവിലത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. സംഘം പ്രവർത്തനം ആരംഭിച്ചതല്ലാതെ പിന്നീട് യാതൊരുവിധ പ്രവർത്തനവും നടന്നിരുന്നില്ല. സംഘത്തിന്റെ അവസാന ഓഡിറ്റിനുശേഷം സംഘത്തിന്റെ കേരള ബാങ്ക് ബോവിക്കാനം ശാഖയിലുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ പലിശ വരവ് അല്ലാതെ യാതൊരുവിധ ഇടപാടുകളും നടന്നിട്ടില്ലായെന്ന് ലിക്വിഡേറ്റർക്ക് ബോധ്യപ്പെടുകയും ആയതുപ്രകാരം അവസാന ഓഡിറ്റ് സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി തയ്യാറാക്കിയ താൽക്കാലിക കടധന പട്ടിക താഴെപ്പറയും പ്രകാരമാണ്.

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	2,100.00	ബാങ്ക് നിക്ഷേപം	2,672.00
അഫിലിയേഷൻ ഫീ	3,000.00	അറ്റ നഷ്ടം	2,482.00
കിട്ടാനുള്ള തുകയ്ക്കുള്ള കരുതൽ	199.00	അനാമത്ത് (പ്രസിഡന്റ്)	199.00
ആകെ	5,299.00	ആകെ	5,299.00

സമാപ്തീകരണ നടപടിയുടെ ഭാഗമായി ലിക്വിഡേറ്റർ ക്ലെയിം നോട്ടീസ് 1-6-2024-ന് പ്രസിദ്ധപ്പെടുത്തിയിരുന്നു. ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനകം ക്ലെയിമുകളൊന്നും ലഭിച്ചിരുന്നില്ല.

മേൽ കടധനപ്പട്ടികയിലെ ആസ്തികളിൽ സംഘത്തിന്റെ കേരള ബാങ്കിലുണ്ടായിരുന്ന ബാങ്ക് നിക്ഷേപം 2,618 രൂപയും ആയതിന്റെ പലിശ 75 രൂപയും കൂടി ആകെ ₹ 2,693 ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിദ്യാനഗർ ശാഖയിൽ എസ്.ബി അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റിയിട്ടുണ്ട്. ലിക്വിഡേറ്റർ ഈടാക്കിയ ക്യാഷ് കളക്ഷൻ തുകയുടെ 15 ശതമാനം തുകയായ ₹ 404 സർക്കാരിലേക്ക് ലിക്വിഡേഷൻ ഫീ ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. സംഘം സർക്കാരിലേക്ക് യാതൊരു കുടിശ്ശികയും അടയ്ക്കുവാൻ ബാക്കിനിൽപില്ല. സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടും മറ്റു ബാധ്യതകൾ കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയതിനാൽ താഴെ പറയുന്ന ബാധ്യതകൾ കണ്ട് കെട്ടുന്നതിന് സൂചന (2) പ്രകാരം ഉത്തരാവാക്കിയിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബാധ്യത	തുക	ആസ്തി	തുക
	₹		₹
ഓഹരി മൂലധനം	2,100.00	അറ്റ നഷ്ടം	2,482.00
അഫിലിയേഷൻ ഫീ	3,000.00	അനാമത്ത് (പ്രസിഡന്റ്)	199.00
കിട്ടാനുള്ള തുകയ്ക്കുള്ള കരുതൽ	199.00		
ആകെ	5,299.00	ആകെ	2,681.00

സംഘത്തിന്റെ അവസാന പൊതുയോഗം 31-1-2026-ന് കാസറഗോഡ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ചേരുന്നതിന് തീരുമാനിക്കുകയും സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അന്തിമ പൊതുയോഗ നോട്ടീസ് അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ആഫീസ് കാസറഗോഡ്, സർക്കിൾ സഹകരണ യൂണിയൻ ആഫീസ്, കാസറഗോഡ്, സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കാസറഗോഡ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും ഉത്തരദേശം, 'കാരവൽ' എന്നീ മലയാളം ദിനപ്പത്രത്തിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ യോഗത്തിൽ ആരും തന്നെ പങ്കെടുത്തില്ല. അവസാന പൊതുയോഗ പത്ര പരസ്യം നൽകുന്ന വകയിൽ ₹ 1,134 ചെലവഴിച്ചിട്ടുണ്ട്. ആയതിന് ശേഷം മിച്ചമുള്ള തുകയായ ₹ 1,155 "മെമ്പേർസ്, ഗഡിനാട് സോയിൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 458 (ലിക്വിഡേറ്റഡ് സൊസൈറ്റി)" എന്ന പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ വിദ്യാനഗർ ശാഖയിൽ അനാമത്ത് കണക്കിൽ നിക്ഷേപിച്ചു. ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും, തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും, കടധനപ്പട്ടികയും ചുവടെ ചേർക്കുന്നു.

സംഘം ലിക്വിഡേറ്ററുടെ വരവ് ചെലവ് കണക്ക് താഴെപ്പറയും പ്രകാരമാണ്
(11-3-2024 മുതൽ 31-1-2026 വരെ)

വരവ്	തുക	ചെലവ്	തുക
	₹		₹
സൊസൈറ്റി അക്കൗണ്ട് (സംസ്ഥാന സഹകരണ ബാങ്ക് എസ്. ബി അക്കൗണ്ട്)	2,693.00	എസ്. ബി കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ) അക്കൗണ്ട്	2,772.00
നിക്ഷേപ പലിശ	118.00	ബാങ്ക് ചാർജസ്	118.00
എസ്. ബി കേരള സംസ്ഥാന സഹകരണ ബാങ്ക് (ലിക്വിഡേറ്റർ) അക്കൗണ്ട്	2,811.00	ലിക്വിഡേഷൻ ചാർജ്ജ്	404.00
		ജനറൽബോഡി ചെലവ് (പത്രപ്പരസ്യം)	1,134.00
		മെമ്പേർസ്, ഗഡിനാട് സോയിൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 458 (ലിക്വിഡേറ്റഡ് സൊസൈറ്റി) കേരള ബാങ്ക് അനാമത്ത്	1,155.00
നീക്കിയിരിപ്പ്	ഇല്ല	കൈയിരിപ്പ്	ഇല്ല
ആകെ മൊത്തം	5,622.00	ആകെ മൊത്തം	5,622.00

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കടധനപ്പട്ടിക 31-1-2026

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	ഇല്ല	ബാങ്ക് നിക്ഷേപം	ഇല്ല
അഫിലിയേഷൻ ഫീ	ഇല്ല	അറ്റ നഷ്ടം	ഇല്ല
കിട്ടാനുള്ള തുകയ്ക്കുള്ള കരുതൽ	ഇല്ല	അനാമത്ത് (പ്രസിഡൻറ്)	ഇല്ല
ആകെ	ഇല്ല	ആകെ	ഇല്ല

ചാർജ്ജെടുത്ത തീയതിയിലുണ്ടായിരുന്ന ആസ്തികളും ബാധ്യതകളും ഉൾപ്പെട്ട കടധനപ്പട്ടിക 'ഇല്ല (Nil)' ആയി മാറിയിട്ടുണ്ട്. സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽപ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ സൂചന (3) പ്രകാരം നിയമിതനായ എ.ഇ.എൽ ഓഡിറ്ററായ സഹകരണ സംഘം കാസറഗോഡ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചെമ്മനാട് യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള ആസ്തികളും ബാധ്യതകളും ചട്ട പ്രകാരം ക്രമപ്പെടുത്തിയതിന് ശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ച് കൊണ്ട് സൂചന (5) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും, ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (6) പ്രകാരം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ) കാസറഗോഡ് ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

നമ്പർ എസ് 458 ഗഡിനാട് സോയിൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ സംബന്ധിച്ച് എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ഓഫീസിന്റെ മുൻ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം,
കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാസറഗോഡ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

നമ്പർ ഒ/78/2024. 2026 മാർച്ച് 23.

വിഷയം:— സമാപ്തീകരണം— കൈതക്കാട് പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 514— കേരള സഹകരണ നിയമം വകുപ്പ് (74) പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്— സംബന്ധിച്ച്.

സൂചന:— (1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 19-3-2024-ലെ ഒ/78/2024 നമ്പർ ഉത്തരവ്.

(2) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 17-3-2026-ലെ ഒ/78/2024 നമ്പർ ഉത്തരവ്.

(3) ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസറഗോഡിന്റെ 17-3-2026-ലെ ഒ/78/2024 നമ്പർ ഉത്തരവ്.

(4) സംഘം ലിക്വിഡേറ്ററുടെ 18-3-2026-ലെ 1-ാം നമ്പർ തീരുമാനം.

(5) സംഘം ലിക്വിഡേറ്ററുടെ 18-3-2026-ലെ ARGHSD/202/2024 UI(I) നമ്പർ ഉത്തരവ്.

(6) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗിന്റെ 18-3-2026-ലെ ARGHSD/202/2024 UI(I) നമ്പർ കത്ത്.

നമ്പർ എസ് 514 കൈതക്കാട് പൂഴിത്തൊഴിലാളി ക്ഷേമ സഹകരണസംഘം ക്ലിപ്തം-ന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് സംഘത്തിന്റെ ലിക്വിഡേറ്ററായി ഹോസ്ദുർഗ്ഗ് സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ തൃക്കരിപ്പൂർ യൂണിറ്റ് ഇൻസ്പെക്ടറെ സൂചന (1) ഉത്തരവ് പ്രകാരം നിയമിച്ച് കൊണ്ട് ഉത്തരവായിരുന്നു. 26-3-2024-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്തു.

ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ താൽക്കാലിക കടധന പട്ടിക താഴെ പറയും പ്രകാരമാണ്.

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം കാസറഗോഡ്	1,38,000.00	എസ്. എ. ബാങ്ക് നിക്ഷേപം	37,409.12
തേയ്മാന ഫണ്ട്	18,593.00	എസ്. എ. കമ്പ്യൂട്ടർ ആക്സസറീസ്	27,750.00
സംഘത്തിന് കിട്ടാനുള്ളവയ്ക്ക് കരുതൽ	5,74,323.00	സംഘത്തിന് വരേണ്ടവ	5,74,323.00
സിൽബന്ധി ചെലവും തൻ ചെലവും (സംഘത്തിൽ നിന്നും കൊടുക്കേണ്ടവ)	1,02,198.00	അറ്റ നഷ്ടം	4,49,014.00
സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	1,65,413.58		
മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	89,968.54		
ആകെ	10,88,496.12	ആകെ	10,88,496.12

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലിക്വിഡേറ്റർ ചാർജ്ജെടുക്കുമ്പോൾ സംഘത്തിന്റെ ആഡിറ്റ് 2017-18 സാമ്പത്തിക വർഷം വരെ മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. ആയതു പ്രകാരമാണ് ലിക്വിഡേറ്റർ ചാർജ്ജ് ഏറ്റെടുക്കുന്ന തീയതിവരെയുള്ള താൽകാലിക കടധനപ്പട്ടിക തയ്യാറാക്കിയിരുന്നത്. സമാപ്തീകരണത്തിലിരിക്കുന്ന സംഘങ്ങളുടെ ആഡിറ്റ് ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിവരെ സഹകരണ ആഡിറ്റ് വിഭാഗം നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയായ 26-3-2024 വരെയുള്ള ആഡിറ്റ് ഇപ്പോൾ പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഏറ്റവും അവസാനം ലഭിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള കടധനപ്പട്ടിക താഴെപ്പറയും പ്രകാരമാണ്.

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	1,38,000.00	എസ്. എ. ബാങ്ക് നിക്ഷേപം	2,10,797.62
തേയ്മാന ഫണ്ട്	18,593.00	കമ്പ്യൂട്ടർ	27,750.00
സംഘത്തിന് കിട്ടാനുള്ളവയ്ക്കുള്ള കരുതൽ	6,08,323.00	സംഘത്തിന് വരേണ്ടവ	6,08,323.00
കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്)	13,495.00	അറ്റ നഷ്ടം	3,21,375.00
കുറവ് വന്ന Fixed Asset- Computer-നുള്ള കരുതൽ	27,750.00		
വിദ്യാഭ്യാസ ഫണ്ട്	4,498.00		
മെമ്പർ റിലീഫ് ഫണ്ട്	8,996.00		
എഡ്യൂക്കേഷൻ ഫണ്ട്	18,000.00		
അഫിലിയേഷൻ ഫീസ്	10,000.00		
ആഡിറ്റ് ഫീസ്	92,198.00		
സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	1,65,413.58		
മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	62,979.54		
ആകെ	11,68,246.12	ആകെ	11,68,246.12

സമാപ്തീകരണ നടപടിയുടെ ഭാഗമായി ലിക്വിഡേറ്റർ ക്ലെയിം നോട്ടീസ് 18-9-2024-ന് പ്രസിദ്ധപ്പെടുത്തിയെങ്കിലും നിശ്ചിത സമയപരിധിയായ രണ്ടു മാസത്തിനകം ക്ലെയിം ആരും ഉന്നയിച്ചിട്ടില്ല.

മേൽ കടധനപ്പട്ടികയിലെ ആസ്തികളിൽ സംഘത്തിന്റെ കേരള ബാങ്കിലുണ്ടായിരുന്ന ബാങ്ക് നിക്ഷേപം 2,229 രൂപയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കല്ലൂർ ശാഖയിലുണ്ടായിരുന്ന 2,08,568.62 രൂപയിൽ നിന്ന് അക്കൗണ്ട് ക്ലോസിംഗ് ചാർജ്ജ് 648.62 രൂപ കഴിച്ച് ബാക്കി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തുകയായ 2,07,920 രൂപയും കൂടി ആകെ 2,10,149 രൂപ ലിക്വിഡേറ്ററുടെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അലാമിപ്പള്ളി ശാഖയിൽ എസ്.ബി അക്കൗണ്ട് ആരംഭിച്ച് അതിലേക്ക് മാറ്റിയിട്ടുണ്ട്. ലിക്വിഡേഷൻ ഫീയായി ലിക്വിഡേറ്റർ ഈടാക്കിയ തുകയുടെ 15% സഹകരണ സംഘം രജിസ്ട്രാരുടെ 29/2025 നമ്പർ സർക്കുലർ പ്രകാരം 31,522 രൂപ സർക്കാരിലേക്ക് ലിക്വിഡേറ്റർ ഒടുക്കിയിട്ടുണ്ട്. സർക്കാർ ബാദ്ധ്യതയായ ഓഡിറ്റ് ഫീസ് 92,198 രൂപ അടച്ച് തീർത്തിട്ടുണ്ട്. സംഘം സർക്കാരിലേക്ക് യാതൊരു കുടിശ്ശികയും അടയ്ക്കുവാൻ ബാക്കിനിൽപില്ല. സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടും മറ്റു ബാധ്യതകൾ കൊടുത്തു തീർക്കാൻ സാധ്യമല്ലെന്ന് കണ്ടെത്തിയതിനാൽ താഴെപ്പറയുന്ന ബാധ്യതകൾ കണ്ട് കെട്ടുന്നതിന് സൂചന (2) പ്രകാരം ഉത്തരവാക്കിയിട്ടുണ്ട്.

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	1,38,000.00	ബാങ്ക് നിക്ഷേപം (ക്ലോസിംഗ് ചാർജ്ജ്)	648.62
തേയ്മാന ഫണ്ട്	18,593.00	കമ്പൂട്ടർ	27,750.00
സംഘത്തിന് കിട്ടാനുള്ളവയ്ക്കുള്ള കരുതൽ	6,08,323.00	സംഘത്തിന് വരേണ്ടവ	6,08,323.00
കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്)	13,495.00	അറ്റ നഷ്ടം	3,21,375.00
കുറവ് വന്ന Fixed Asset Computer- നുള്ള കരുതൽ	27,750.00		
വിദ്യാഭ്യാസ ഫണ്ട്	4,498.00		
മെമ്പർ റിലീഫ് ഫണ്ട്	8,996.00		
എഡ്യൂക്കേഷൻ ഫണ്ട്	18,000.00		
അഫിലിയേഷൻ ഫീസ്	10,000.00		
സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	1,65,413.58		
മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	62,979.54		
ആകെ	10,76,048.12	ആകെ	9,58,097.12

സംഘത്തിന്റെ അവസാന പൊതുയോഗം 18-3-2026-ന് ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ചേരുന്നതിന് തീരുമാനിക്കുകയും സംഘത്തിന്റെ അഡ്മിഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ അന്തിമ പൊതുയോഗ നോട്ടീസ് സഹകരണ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) ആഫീസ്, ഹോസ്ദുർഗ്ഗ്, സർക്കിൾ സഹകരണ യൂണിയൻ ആഫീസ്, ഹോസ്ദുർഗ്ഗ്, സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, ഹോസ്ദുർഗ്ഗ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡിലും ജന്മദേശം, മലബാർ എന്നീ മലയാളം ദിനപ്പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്നാൽ യോഗത്തിൽ ആരും തന്നെ പങ്കെടുത്തില്ല. അവസാന പൊതുയോഗ പത്ര പരസ്യം നൽകുന്ന വകയിൽ ₹ 2280 ചെലവഴിച്ചിട്ടുണ്ട്. ആയതിന് ശേഷം മിച്ചമുള്ള തുകയായ ₹ 93,340.30 "മെമ്പേർസ്, കൈതക്കാട് പൂഴിത്തൊഴിലാളി ക്ഷേമ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 514 (ലിക്വിഡേറ്റഡ് സൊസൈറ്റി)" എന്ന പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ആലാമിപ്പള്ളി ശാഖയിൽ അനാമത്ത് കണക്കിൽ നിക്ഷേപിച്ചു. ലിക്വിഡേറ്റർ കൈപ്പറ്റിയ ഫയൽ പ്രകാരവും, തുടർന്ന് നടത്തിയ ഇടപാടുകൾ പ്രകാരവും ഉള്ള വരവ് ചെലവ് കണക്കുകളും, കടധനപ്പട്ടികയും ചുവടെ ചേർക്കുന്നു.

ലിക്വിഡേറ്ററുടെ വരവ് ചെലവ് കണക്ക് താഴെപ്പറയും പ്രകാരമാണ്

(26-3-2024 മുതൽ 18-3-2026 വരെ)

വരവ്	തുക ₹	ചെലവ്	തുക ₹
ബാങ്ക് നിക്ഷേപം തിരികെ ലഭിച്ചത്	2,10,149.00	ലിക്വിഡേറ്റർ അക്കൗണ്ടിൽ നിക്ഷേപിച്ചത്	2,10,149.00
പലിശ വരവ് ലഭിച്ചത് ലിക്വിഡേറ്റർ അക്കൗണ്ട്	9,245.00	പലിശ വരവ് നിക്ഷേപിച്ചത് ലിക്വിഡേറ്റർ അക്കൗണ്ട്	9,245.00
ഓഡിറ്റ് ഫീസ് അടയ്ക്കാൻ പിൻവലിച്ച തുക	92,198.00	ഓഡിറ്റ് ഫീസ് ഇനത്തിൽ ട്രഷറിയിൽ ഒടുക്കിയ തുക	92,198.00
ബാങ്ക് സർവ്വീസ് ചാർജ്ജ്	53.70	ബാങ്ക് സർവ്വീസ് ചാർജ്ജ്	53.70
ലിക്വിഡേഷൻ ചാർജ്ജ് അടയ്ക്കാൻ പിൻവലിച്ച തുക	31,522.00	ലിക്വിഡേഷൻ ചാർജ്ജ് ട്രഷറിയിൽ ഒടുക്കിയ തുക	31,522.00
പൊതുയോഗ നോട്ടീസ് പത്രപരസ്യം നൽകിയതിന് ബാങ്കിൽ നിന്നും പിൻവലിച്ച തുക	2,280.00	പൊതുയോഗ നോട്ടീസ് പത്രപരസ്യം നൽകിയ വകയിൽ ചെലവായ തുക	2,280.00
സേവിംഗ്സ് അക്കൗണ്ട് ക്ലോസ്സ് ചെയ്തത്	93,340.30	മെമ്പേർസ്, കൈതക്കാട് പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എസ് 514 (ലിക്വിഡേറ്റഡ് സൊസൈറ്റി) കേരള ബാങ്ക് അനാമത്ത്	93,340.30
ആകെ	4,38,788.00	ആകെ	4,38,788.00

കടധനപ്പട്ടിക 18-3-2026

ബാധ്യത	തുക ₹	ആസ്തി	തുക ₹
ഓഹരി മൂലധനം	ഇല്ല	എസ് എ ബാങ്ക് നിക്ഷേപം	ഇല്ല
തേയ്മാന ഫണ്ട്	ഇല്ല	കമ്പ്യൂട്ടർ	ഇല്ല
സംഘത്തിന് കിട്ടുവാനുള്ളവയ്ക്കുള്ള കരുതൽ	ഇല്ല	സംഘത്തിന് വരേണ്ടവ	ഇല്ല
കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്)	ഇല്ല	അറ്റ നഷ്ടം	ഇല്ല
കുറവ് വന്ന Fixed Asset Computer- നുള്ള കരുതൽ	ഇല്ല		ഇല്ല
വിദ്യാഭ്യാസ ഫണ്ട്	ഇല്ല		ഇല്ല

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മെമ്പർ റിലീഫ് ഫണ്ട്	ഇല്ല		ഇല്ല
എഡ്യൂക്കേഷൻ ഫണ്ട്	ഇല്ല		ഇല്ല
അഫിലിയേഷൻ ഫീസ്	ഇല്ല		ഇല്ല
ആഡിറ്റ് ഫീസ്	ഇല്ല		ഇല്ല
സംഘത്തിൽ നിന്നും കൊടുക്കേണ്ടവ	ഇല്ല		ഇല്ല
മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം	ഇല്ല		ഇല്ല
ആകെ	ഇല്ല	ആകെ	ഇല്ല

ചാർജ്ജെടുത്ത തീയതിയിലുണ്ടായിരുന്ന ആസ്തികളും ബാധ്യതകളും ഉൾപ്പെട്ട കടധനപ്പട്ടിക 'ഇല്ല (NIL)' ആയി മാറിയിട്ടുണ്ട്. സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ മേൽപ്രകാരം പൂർത്തീകരിക്കുകയും വരവ് ചെലവ് കണക്കുകൾ സൂചന (3) പ്രകാരം നിയമിതനായ എ ഇ എൽ ഓഡിറ്ററായ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ആഫീസിലെ ഓഫീസ് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേറ്റർ ചാർജ്ജെടുക്കുന്ന തീയതിയിലെ കടധന പട്ടിക പ്രകാരമുള്ള ആസ്തികളും ബാധ്യതകളും ചട്ട പ്രകാരം ക്രമപ്പെടുത്തിയതിന് ശേഷം സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 73 അനുസരിച്ച് സമാപ്തീകരിച്ച് കൊണ്ട് സൂചന (5) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേറ്ററുടെ നടപടിക്രമങ്ങളും, ഉത്തരവും അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സൂചന (6) പ്രകാരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

നമ്പർ എസ് 514 കൈതക്കാട് പൂഴിത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ക്ലിപ്തം-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേഷൻ സംബന്ധിച്ച് എല്ലാ റിക്കാർഡുകളും ലിക്വിഡേറ്റർ മൂന്ന് വർഷം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ഓഫീസിന്റെ മുൻ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, കാസറഗോഡ്.

(ഒപ്പ്)
സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.04.07 04:03:41 +05:30